(ബി) ഉണ്ട്.

| | | |
|---|---|---|
| 2001-02 | . . | 280.61 ലക്ഷം രൂപ. |
| 2002-03 | . . | 569.51 ലക്ഷം രൂപ. |
| 2003-04 | . . | 721.31 ലക്ഷം രൂപ. |

ചക്കരചെത്ത്

124 [1927] ശ്രീ. സി. കെ. നാണു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് എവിടെയെങ്കിലും ചക്കരചെത്ത് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് അനുവദിക്കാനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് എവിടെയെങ്കിലും അനധികൃത ചക്കരച്ചെത്ത് നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവയ്ക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എവിടെയും ചക്കരചെത്ത് അനുവദിച്ചിട്ടില്ല.

(ബി) 'എ'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 'സി'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പടനിലം ഹയർ സെക്കന്ററി സ്കൂളിലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് ലഭിക്കുന്നില്ലെന്ന പരാതി

125 [1928] ശ്രീ. കെ. കെ. ഷാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിലെ പടനിലം ഹയർസെക്കന്ററി സ്കൂളിൽ പഠനം പൂർത്തിയായി ഇറങ്ങുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലംപ്സംഗ്രാന്റ് ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly